# പിന്നാക്ക സമുദായവികസന വകുപ്പ്ഡയറക്ടറുടെകാര്യാലയം

അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003
ഫോൺ : 0471 2727378, ഫാക്സ് : 0471 2727379, email : obcprematric@gmail.com


**BCDD/A3/974/2015** തീയതി : 20/10/2015

## സർക്കുലർ

**വിഷയം :** ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്കും, തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ച ഇതര സമുദായങ്ങളിലെ വിദ്യാർത്ഥി കൾക്കും ലംപ്സം ഗ്രാന്റ്–ഓൺലൈൻ ഡാറ്റാഎൻട്രി നടത്താൻ സാധിക്കാതിരുന്ന സ്ഥാപന മേധാവിമാർക്ക് ഉള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്.

**സൂചന :** ഈ ആഫീസിലെ 29.06.2015 ലെ ഇതേ നമ്പർസർക്കുലർ

**ഒ.ഇ.സി** വിഭാഗം വിദ്യാർത്ഥികൾക്കും, 6 ലക്ഷം രൂപ എന്ന വാർഷിക വരുമാന പരിധിക്ക് വിധേയമായി ഒ.ഇ.സി ക്ക് തുല്യമായ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച ഇതര പിന്നാക്ക സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ് അനുവദിക്കുന്നതിന്, അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യണമെന്ന് സ്ഥാപനമേധാവിമാർക്ക് സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു. **വിവിധ കാരണങ്ങളാൽ യഥാസമയം ഓൺലൈനിൽ ഡാറ്റ സമർപ്പിക്കാത്ത സ്ഥാപനങ്ങളിലേയും, പ്രീ പ്രൈമറി, ഐ.റ്റി.ഐ, ഐ.റ്റി.സി,വി.എച്ച്.എസ്.ഇ തുടങ്ങിയ ഇതരസ്ഥാപനങ്ങളിലേയും** അർഹരായ വിദ്യാർത്ഥികൾക്ക്തുക അനുവദിക്കുന്നതിനായി അത്തരം വിദ്യാർത്ഥികളുടെ ലിസ്റ്റ് **2015 നവംബർ 25** നകം പിന്നാക്ക സമുദായ വികസന വകുപ്പിൽ സമർപ്പിക്കേണ്ടതാണ്. ആയതിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

***നിർദ്ദേശങ്ങൾ***

1. സൂചനയിലെ സർക്കുലറിൽ പരാമർശിക്കുന്ന സമുദായങ്ങളിലെ വിദ്യാർത്ഥികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്ന പ്രൊഫോർമയിൽ ലഭ്യമാക്കണം.**(Govt. Aided School: Annexure-I, Unaided Schools/Kendreeya Vidhyalaya : Annexure II, Other institutions : Annexure III)** 2015-16 അധ്യയന വർഷത്തെ ലംപ്സം ഗ്രാന്റിനുള്ള വിവരങ്ങൾ മാത്രമേ സമർപ്പിക്കേണ്ടതുള്ളൂ. കുടിശ്ശികകൾ സ്വീകരിക്കുന്നതല്ല.
2. സ്ഥാപന മേധാവിയുടെ ഔദ്യോഗിക ബാങ്ക്അക്കൗണ്ട് പാസ് ബുക്കിന്റെ ആദ്യപേജിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നിർബന്ധമായും ലഭ്യമാക്കണം.
3. അംഗീകൃത അൺഎയ്ഡഡ്/അഫിലിയേറ്റഡ് സ്കൂളുകളിലെ ലിസ്റ്റ് ബന്ധപ്പെട്ട എ.ഇ.ഒ/ഡി.ഇ.ഒയുടെ മേലൊപ്പോടുകൂടി(Countersigned) അതാത്സ്ഥാപനങ്ങൾ തന്നെ അയക്കേണ്ടതാണ്. (എൽ.പി, യു.പി സ്കൂളുകൾ - എ.ഇ.ഒ, ഹൈസ്കൂൾ - ഡി.ഇ.ഒ)
4. അൺഎയ്ഡഡ്/അഫിലിയേറ്റഡ് സ്കൂളുകളിലെ ഫീസ് റീ ഇംബേഴ്സ്മെന്റിനുള്ള ക്ലെയിംസ്റ്റേറ്റ്മെന്റ് **Annexure II** ൽ തയ്യാറാക്കി ക്രമനമ്പർ 3 ലെ നടപടി ക്രമങ്ങൾ പാലിച്ച് അയക്കേണ്ടതാണ്. .
5. പ്രീപ്രൈമറി, ഐ.ടി.സി/ഐ.ടി.ഐ, വിഎച്ച്.എസ്.ഇ എന്നിവയിലെ പ്രീമെട്രിക്കോഴ്സുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ, ഒ.ഇ.സി പ്രീമെട്രിക് ശീർഷകത്തിൽ ആനുകൂല്യം അനുവദിക്കുന്ന ഇതര സ്ഥാപനങ്ങളും ക്ലെയിംസ്റ്റേറ്റ്മെന്റ് അയക്കേണ്ടതാണ്.
6. ഏതെങ്കിലും പ്രത്യേക സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് ലഭ്യമായിക്കൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് കൂടി ലഭ്യമാക്കേണ്ടതാണ്
7. **നടപ്പുവർഷം ലംപ്സം ഗ്രാന്റ്തുക സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണ്. ബാങ്ക്അക്കൗണ്ടിലെ ന്യൂനത മൂലം അയക്കുന്ന തുക**

Reject ചെയ്യപ്പെട്ടാൽ ആയതിന്റെ പരിപൂർണ ഉത്തരവാദിത്തം സ്ഥാപനമേധാവിക്ക് ആയിരിക്കും. ആയതിനാൽ ഇത് സംബന്ധിച്ച വിവരങ്ങളുടെ കൃത്യതയിൽ വ്യക്തിപര മായ ശ്രദ്ധചെലുത്തി, രേഖപ്പെടുത്തുന്ന അക്കൗണ്ടിൽ ഒരു തവണയെങ്കിലും ട്രാൻസാ ക്ഷൻ നടത്തിയിട്ടുണ്ടെന്നും, അക്കൗണ്ട്ലൈവ് ആണെന്നും ഉറപ്പാക്കേണ്ടതാണ്.

8. ഒരേ ക്ലാസ്സിൽ ആവർത്തിച്ച് പഠിക്കുന്ന എന്തെങ്കിലും കാരണവശാൽ പ്രൊമോഷൻ ലഭിക്കാതെ അതേ ക്ലാസ്സിൽ വിദ്യാർത്ഥികളെയാണ് **Repeaters** എന്നതുകൊണ്ട് ഉദ്ദേശി ക്കുന്നത്. ഓൺലൈൻ ആയി രജിസ്റ്റർചെയ്ത പല സ്ഥാപനങ്ങളും ഇത് തെറ്റായി വ്യാഖ്യാനിച്ച് ഡാറ്റഎൻട്രി നടത്തിയതുമൂലം അർഹരായ പല വിദ്യാർത്ഥികൾക്കും പകുതി തുക മാത്രമാണ് അനുവദിച്ചത്. സ്ഥാപനങ്ങളുടെ പിഴവുമൂലം ഇങ്ങനെ പകുതി തുക മാത്രം അനുവദിക്കപ്പെട്ട വിദ്യാർത്ഥികളുടെ വിവരങ്ങൾ മേൽപ്പറഞ്ഞ പ്രകാരം ലഭ്യ മാക്കേണ്ടതാണ്. ഈ പിഴവ് ആമുഖ കത്തിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്.

9. ക്ലെയിംസ്റ്റേറ്റ്മെന്റുകൾ ചുവടെപ്പറയും പ്രകാരമുള്ള വിലാസത്തിൽ നവംബർ - 25 നകം ലഭ്യമാക്കേണ്ടതാണ്. അവസാന തീയതിക്കുശേഷം ലഭിക്കുന്ന ലിസ്റ്റുകൾ യാതൊരു കാര ണവശാലും പരിഗണിക്കുന്നതല്ല.

തിരുവനന്തപുരം , കൊല്ലം , പത്തനം തിട്ട എന്നീ 3 ജില്ലകളിലെ സ്ഥാപനങ്ങൾ

ഡയറക്ടർ
പിന്നാക്ക സമുദായവികസന വകുപ്പ്
അയ്യൻകാളി ഭവൻ നാലാം നില,
കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ
തിരുവനന്തപുരം - 3, ഫോൺ : 0471 2727379

ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർഎന്നീ 5 ജില്ലകളിലെ സ്ഥാപനങ്ങൾ

മേഖലാഡെപ്യൂട്ടിഡയറക്ടർ
എറണാകുളംമേഖലാഓഫീസ്,
പിന്നാക്ക സമുദായവികസന വകുപ്പ്
സിവിൽസ്റ്റേഷൻ (രണ്ടാം നില), കാക്കനാട്,
എറണാകുളം - 682030, ഫോൺ :0484-2429130

പാലക്കാട് മുതൽ കാസർഗോഡ് വരെയുളള 6 ജില്ലകളിലെ സ്ഥാപനങ്ങൾ

മേഖലാഡെപ്യൂട്ടിഡയറക്ടർ
കോഴിക്കോട്മേഖലാഓഫീസ്,
പിന്നാക്ക സമുദായവികസന വകുപ്പ്
സിവിൽസ്റ്റേഷൻ (ഒന്നാം നില), കോഴിക്കോട്-673020
ഫോൺ : 0495-2377786

ഡയറക്ടർ
പിന്നാക്ക സമുദായവികസന വകുപ്പ്

പകർപ്പ് :
ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, പിന്നാക്ക സമുദായവികസന വകുപ്പ്
ഡയറക്ടർ , പൊതുവിദ്യാഭ്യാസവകുപ്പ്
ഡയറക്ടർസാങ്കേതികവിദ്യാഭ്യാസവകുപ്പ്
ഡയറക്ടർ ,പട്ടികജാതിവികസനവകുപ്പ്
ഡയറക്ടർ ,വി.എച്ച്.എസ്.ഇ
ഡയറക്ടർ, ഇൻഫർമേഷൻ& പബ്ലിക്റിലേഷൻസ്ഡിപ്പാർട്ട്മെന്റ്
എക്സിക്യൂട്ടീവ്ഡയറക്ടർ, ഐ.ടി.@സ്കൂൾ
മേഖലാഡെപ്യൂട്ടിഡയറക്ടർ, പി.സ.വി.വ, എറണാകുളം/കോഴിക്കോട്
പട്ടികജാതിവികസന വകുപ്പ്ഡെപ്യൂട്ടിഡയറക്ടർമാർ
എല്ലാഡി.ഡി/ഡി.ഇ.ഒ/എ.ഇ.ഒമാർക്ക്
എല്ലാസർക്കാർ/എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ്സ്കൂൾ പ്രധാനാധ്യാപകർക്ക്
ജില്ലാ/ബ്ലോക്ക് പട്ടികജാതിവികസന ആഫീസർമാർക്ക്
കരുതൽ/അധികം

പി.വി.എസ്19.10.15

Annexure I

**Backward Communities Development Department**

**Claim statement for OEC Lumpsum Grant/Fee Reimbursement 2015-16**

| | |
|---|---|
| Name of Institution : | School Code : |
| Address : | Type : Govt/Aided/Others |
| | District : |
| | Educational District : |
| | Sub district : |
| Email Id : | Land line Number : |
| | Mobile Number : |

**Details of the eligible students**

| Sl.No | Admn.No | Name of the student | Boy/Girl | Caste | Class | Ist Year / IIst Year | Eligible lumpsum grant |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

Total Eligible lumpsum grant :

Total Fee reimbursement :

Grant total :

No of Boys :

No. of girls :

Total No. of Students :

***Certified that the details furnished in this statement are found true with reference to the certificates and records kept in the institute/verified by me***

Place :

Date :

Office Seal

Signature & Designation Seal of Head of Institution